## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 122 | 04.06.2018 ൽ മറുപടിക്ക്

### വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ രാഷ്ട്രീയ പ്രവർത്തനം സംബന്ധിച്ച ഹൈക്കോടതി വിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എം.ഷാജി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) വിദ്യാർത്ഥികൾ പഠിക്കാനാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകുന്നതെന്നും രാഷ്ട്രീയ പ്രവർത്തനത്തിനല്ലായെന്നും അത്തരത്തിൽ കോളേജിനകത്തോ ചുറ്റുമോ പരിസരത്തോ സമരപ്പന്തലുകളോ പിക്കറ്റിങ്ങോ അനുവദിക്കരുതെന്നും അടുത്തിടെ പോലീസിന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ; | (എ) | ബഹു. ഹൈക്കോടതി ഇത്തരത്തിലൊരു നിരീക്ഷണം നടത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരത്തിലൊരു ഹൈക്കോടതി നിർദ്ദേശം ഉണ്ടാകാനിടയായ സാഹചര്യമെന്തായിരുന്നു; പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(സി) ഹൈക്കോടതിയുടെ ഈ നിർദ്ദേശത്തെക്കുറിച്ചുള്ള സർക്കാർ നിലപാട് അറിയിക്കുമോ? | (ബി) & (സി) | മലപ്പുറം ജില്ലയിൽ പൊന്നാനി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള എം.ഇ.എസ്. കോളേജിന് മുന്നിൽ വിദ്യാർത്ഥികൾ പന്തലുകെട്ടി സമരം ചെയ്തതിനെതിരെ ടി കോളേജിലെ പ്രിൻസിപ്പൽ നൽകിയ പരാതി പ്രകാരം കോളേജിലെ 9 വിദ്യാർത്ഥികൾക്കെതിരെ പൊന്നാനി പി.എസ്.ക്രൈം നമ്പർ 257/17 u/s 143,147,148,452,324,427,294(b),506(1) r/w 149 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും കേസ്സുമായി ബന്ധപ്പെട്ട് കുട്ടികളെ മാനേജ്മെന്റ് പുറത്താക്കുകയും തുടർന്ന് മാനേജ്മെന്റ് ബഹു. ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും ചെയ്തു. ബഹു. ഹൈക്കോടതി പ്രസ്തുത കേസ്സ് പരിഗണിക്കവേയാണ് ഇത്തരത്തിൽ ഒരു പരാമർശം നടത്തിയിട്ടുള്ളത്. ഹൈക്കോടതി ഇപ്രകാരം ഒരു വിധി പ്രസ്താവം നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഈ വിഷയത്തിൽ നിലപാട് അറിയിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ